## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** | **06-10-2021 - ൽ മറുപടിയ്ക്ക്**

## 2021-ലെ സമുദ്ര മത്സ്യബന്ധന ബിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വൻകിട ട്രോളറുകളുടെ താല്പര്യ സംരക്ഷണാർത്ഥം നാടൻ വള്ളങ്ങളിലും യന്ത്രവൽകൃത ചെറുയാനങ്ങളിലും കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ താല്പര്യം ഹനിച്ച് കേന്ദ്ര സർക്കാർ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത് പരിശോധനാ വിധേയമാക്കിയിരുന്നോ; | (എ) | കേന്ദ്രസർക്കാരിന്റെ 2021-ലെ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് പരിശോധനക്കു വിധേയമാക്കിയിരുന്നു. ആയത് പ്രസിദ്ധീകരിച്ച ഉടൻ തന്നെ സംസ്ഥാന താത്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. |
| (ബി) | ഇതുസംബന്ധിച്ച് തീരദേശ മത്സ്യതൊഴിലാളികളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മത്സ്യതൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് ബോട്ടുകൾ നൽകുന്ന പദ്ധതി 2.സമ്പാദ്യ സമാശ്വാസ പദ്ധതി 3. പുനർഗേഹം പദ്ധതി 4. വിദ്യാഭ്യാസ സഹായ പദ്ധതികൾ 5.മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി 6. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 7.. മത്സ്യത്തൊഴിലാളികൾക്ക് FRP ബോട്ട് നൽകുന്ന പദ്ധതി 8. മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി 9. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി 10. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിപണനത്തിന് സുരക്ഷിത യാത്രസൗകര്യത്തിനായി സൗജന്യ ബസ് സർവീസ് പദ്ധതി 11. ഓഖി പുനരധിവാസ പദ്ധതികൾ. 12.മത്സ്യത്തൊഴിലാളി/ |

| | | | |
|---|---|---|---|
| | | | അനുബന്ധത്തൊഴി ലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി. 13. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 14. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 15. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി. 16. മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പാക്കിയ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ |

സെക്ഷൻ ഓഫീസർ